(സി) ഈ പദ്ധതിയിൽ പക്ഷിനിരിക്ഷണം, ട്രെക്കിംഗ്, വനത്തിലൂടെയുള്ള കുതിര സവാരി, ആനസവാരി, വനനിരിക്ഷണം, വനത്തിലെ ഗുഹയ്ക്കുള്ളിൽ താമസം, വന്യജീവികളെക്കുറിച്ചുള്ള ശാസ്ത്രിയ പഠനം, വനവൃക്ഷങ്ങളിൽ ഏറുമാടം കെട്ടിതാമസം, റോക്ക് ക്ലൈംബിംഗ്, മൗണ്ടൻ ബൈക്കിംഗ് നദികളിലൂടെ ചങ്ങാടത്തിലെ യാത്ര തുടങ്ങി അതാത് ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായതും ഇക്കോ ടൂറിസ്റ്റുകൾക്ക് പുതിയ അനുഭവം പകരുന്നതുമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പരിസ്ഥിതി പഠനത്തിനും മുൻഗണന നൽകുന്നുണ്ട്.

(ഡി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തെന്മല കേന്ദ്രീകരിച്ച് ഒരു ഇക്കോ ടൂറിസം വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 'തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്. തെന്മലയ്ക്ക് പുറമേ പാലരുവി, അരിപ്പ, കുളത്തൂപ്പുഴ, പൊന്മുടി, അച്ചൻകോവിൽ, ആര്യൻകാവ്, കോന്നി, ഉമയാർ, പമ്പാ, കൊച്ചു പമ്പാ എന്നിവിടങ്ങളിലും തുടർ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശമുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ഒരു മാസത്തിനകം പൂർത്തിയാകുന്നതാണ്. തെന്മല ഡാമിന്റെ പരിസരത്ത് മ്യൂസിക്കൽ ഫൗണ്ടൻ, ആംഫി തിയേറ്റർ, എലിവേറ്റഡ് വാക്ക്വേ, നേച്ചർ ട്രെയിൻസ്, മൗണ്ടൻ ബൈക്കിംഗ്, സ്കൾപ്ച്ചർ ഗാർഡൻ, ബോർഡ്വാക്ക്, ലൈറ്റിംഗ്, തൂക്കുപാലം തുടങ്ങിയ സൗകര്യങ്ങൾ ഇതോടുകൂടി സജ്ജീകരിക്കപ്പെടും.

9 (*8) പൊതുവിതരണരംഗം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം.മണി :
ശ്രീ. സി.എഫ്.തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) റേഷൻ വിലവർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല എന്തൊക്കെ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ 'അന്നപൂർണ്ണ' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ' ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടികിടക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(എഫ്) കേന്ദ്ര ഗവൺമെന്റ് പുതുതായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 56 ലക്ഷം പേർക്കുകൂടി ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് പദ്ധതിയിട്ടിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ടെങ്കിൽ ഇത് സംസ്ഥാനത്തിന് എത്രകണ്ട് പ്രയോജന പ്പെടും എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്ത് 25.43% പേരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരായി കണക്കാക്കിയാണ് കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യവിഹിതം അനുവ ദിച്ചു തരുന്നത്. എന്നാൽ സംസ്ഥാനത്തെ പഞ്ചായത്തുകൾ നിർദ്ദേശിച്ച ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ ജനവിഭാഗത്തിനും സംസ്ഥാന സർക്കാർ കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ പ്രതിമാസം 20 കിലോഗ്രാം അരി നൽകിവരുന്നു.

2. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കിലോ ഗ്രാമിന് 1.90 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി പ്രതി മാസം പര
മാവധി 16 കിലോഗ്രാം അരി കിലോഗ്രാമിന് 10 രൂപ നിരക്കിൽ നൽകി വരുന്നു.

3. റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധന ങ്ങളും വിതരണം ചെയ്യാൻ അനുവദിച്ചിട്ടുണ്ട്.

4. ഉത്സവകാലങ്ങളിൽ അരി/പഞ്ചസാര എന്നിവ റേഷൻ വി ല യ്ക്ക് പ്രത്യേകമായി നല്കി വരുന്നു.

5. പാചക ആവശ്യത്തിനായി 15 ലക്ഷത്തോളം മണ്ണെണ്ണ പെർമിറ്റുകൾ വീട്ടാവശ്യത്തിന് അനുവദിച്ചിട്ടുണ്ട്.

6. ഉത്സവകാലങ്ങളിൽ ഫെയർ/മാർക്കറ്റ് എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടത്തിവരുന്നു.

7. ഒരു പഞ്ചായത്തിൽ ഒന്ന് എന്നകണക്കിൽ 426 പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്.

8. അവശ്യസാധനങ്ങൾ കൂടാതെ ഉപഭോഗത്തിന്റെ താല്പ ര്യമനുസരിച്ച് ശബരി തേയില, ശബരി കാപ്പി, മാവേലി ബാർസോപ്പ്, ശബരി ബ്രാണ്ട് കറിപ്പൊടികൾ തുടങ്ങി നിരവധി നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കമ്പോള ത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതു കാരണം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടാക്കുന്ന നഷ്ടം നികത്താൻ കോർപ്പറേഷൻ കഴിഞ്ഞ നാലു വർഷത്തിനകം 179 കോടി രൂപ മാർക്കറ്റ് ഇന്റർവെൻ ഷൻ ഗ്രാന്റ് ആയിട്ട് അനുവദിച്ചിട്ടുണ്ട്.

9. പി.ഡി.എസ്.ആട്ട പദ്ധതി നടപ്പിലാക്കി.

10. മാവേലി മെഡിക്കൽ സ്റ്റോറുകൾ മുഖേന കമ്പോള വില യെക്കാൾ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്തുവരുന്നു.

11. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൃത്യമായി എല്ലാ മേഖലകളിലും എത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു.

(ബി) 1.4.2000-ൽ കേന്ദ്ര സർക്കാർ റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതിനെ തുടർന്ന് റേഷൻ ഉപഭോഗം നാലിലൊന്നായി കുറഞ്ഞിട്ടു ണ്ട്. പ്രതിമാസം 1,50,000 ടണ്ണോളം ഭക്ഷ്യധാന്യം വിറ്റഴിച്ചിരുന്നത് വില വർദ്ധ നവിനുശേഷം ശരാശരി 40,000 ടണ്ണായി കുറഞ്ഞു. റേഷനെ ആശ്രയിച്ചിരുന്ന ഉപഭോക്താക്കൾ പൊതു വിപണിയെ ആശ്രയിക്കുകയും അധിക സാമ്പ ത്തിക ബാദ്ധ്യത നേരിടുകയും ചെയ്യുന്നു. റേഷൻ ഉപഭോഗം കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ഫലമായി റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിലും റീട്ടെയിൽ റേഷൻ കടകളിലും നീക്കിയിരിപ്പ് സ്റ്റോക്ക് വർദ്ധിക്കുകയും റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാവുകയും ചെയ്തു.

(സി,ഡി) 'അന്ന പൂർണ്ണ' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 10.10.2000 ത്തിലെ ജി.ഒ.(എം.എസ്) 53/2000/എഫ് ആന്റ് സി.എസ്.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രം ഇതിലേയ്ക്കായി അനുവദിച്ച 3,01,35,929 രൂപ ഈ പദ്ധതി പ്രകാരം ചെലവാക്കുവാൻ ഭരണാനുമതിയും നൽകിക്കഴിഞ്ഞു. ഈ പദ്ധതി സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ആദ്യ അറിയിപ്പ് സംസ്ഥാനത്തിന് ലഭിച്ചത് 25.3.2000 ലാണ്. ഇതു പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടിയെ സംബന്ധിച്ച വ്യക്തത കുറവായിരുന്നു. കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുടെ ഡി.ഒ.നം.ജെ.13020/23/99-എം.എസ്.പി. കത്തിൻ പ്രകാരം ആഗസ്റ്റ് മാസത്തിലാണ് ഇതിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള നിർദ്ദേശം കിട്ടിയത്. ഈ കത്തിൽ പറഞ്ഞിരുന്ന വിശദമായ ഗൈഡ് ലൈൻസ് ഇതുവരെയും ലഭിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടിയുള്ള ധനസഹായം 15.11.00 ലാണ് കിട്ടിയത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് പഞ്ചായത്തുകളാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പു കാരണം ഇക്കാര്യത്തിൽ കാലതാമസം നേരിട്ടതിനാൽ ഈ പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്താലുടൻ തന്നെ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്,ജി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അംഗസംഖ്യ 2000-ലെ ജനസംഖ്യ കണക്കനുസരിച്ച് കേന്ദ്ര സർക്കാർ പുതുക്കിനിശ്ചയിട്ടുണ്ട്. പുതുക്കിയ കണക്കിൻ പ്രകാരം 377, മെട്രിക്ടൺ അരി കൂടി ഡിസംബർ മാസത്തേക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

10 (*9) മൃഗചികിത്സാ സൗകര്യങ്ങൾ

ശ്രീ. സി.എൻ.ജയദേവൻ :
പ്രൊഫ.മീനാക്ഷി തമ്പാൻ :
ശ്രീ. എൻ.അനിരുദ്ധൻ :
ശ്രീ. പി.എസ്.സുപാൽ :
ശ്രീ. യു.എസ്.ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗചികിത്സാ സൗകര്യങ്ങൾ കൃഷിക്കാരുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly